പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3750

25.06.2013-ൽ മറുപടിയ്ക്ക്

അമ്പലപ്പുഴ മണ്ഡലത്തിലെ ഖാദി യൂണിറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ ( ബഹു. സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഖാദി യൂണിറ്റുകൾ ഏതെല്ലാമാണ് ; പ്രവർത്തനം നിലച്ചവ ഏതെല്ലാം; | (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഖാദി യൂണിറ്റ് പുന്നപ്ര -1 ആണ്. വാടയ്ക്കൽ, പുന്നപ്ര –2 എന്നിവയാണ് പ്രവർത്തനം നിലച്ച യൂണിറ്റുകൾ. |
| (ബി) | അമ്പലപ്പുഴ മണ്ഡലത്തിലെ ഖാദി യൂണിറ്റുകൾ നവീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും, എന്നുമുതൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ? | (ബി) | ഉണ്ട്. ചുറ്റുമതിൽ നിർമ്മാണം, സീലിംഗ് ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവർത്തികൾക്കായി "പുന്നപ്ര -2" ഉൾപ്പെടെയുള്ള ആലപ്പുഴ ജില്ലയിലെ ആറ് ഖാദി യൂണിറ്റുകൾക്കായി 30 ലക്ഷം രൂപ അനുവദിച്ച് കിട്ടുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ ആലപ്പുഴ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് പുതിയ ചർക്കകൾ വാങ്ങി സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ജില്ലാ പഞ്ചായത്തിൽ നിന്ന് ഫണ്ട് അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് മേൽ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ